ഭരണഭാഷ മാതൃഭാഷ

കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ

നടപടിക്രമം

(ഹാജർ : ബിനു.എസ്.കെ)

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ശ്രീമതി.സിമിറാണി.ഡി.ജി, ക്ലാർക്ക്-ടൈപ്പിസ്റ്റിനെ എൽ.ഡി ടൈപ്പിസ്റ്റിന്റെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു.

---

ഉത്തരവ് നമ്പർ:**DCETVM/3945/2025-C3** തിയതി: **30-08-2025**

---

പരാമർശം **1.25/09/2024** തീയതിയിലെ സ.ഉ(അച്ചടി) നം.**07/2024**/പി & എ.ആർ.ഡി നമ്പർ ഉത്തരവ്

**2.10.07.2025** തീയതിയിലെ സ.ഉ(സാധാ)നം.**887/2025/HEDN** നമ്പർ ഉത്തരവ്

**3.**എറണാകുളം ജില്ലാ പി.എസ്.സി ഓഫീസറുടെ **24.05.2019** ലെ **EV (2)2290/15(2)** നമ്പർ നിയമന ശിപാർശ

**4.**എം.സി.ആർ.വി ഹോസ്റ്റൽ വാർഡന്റെ **18/12/2019** ലെ **Senior clerk/1/2019/MCRVHEKLM** നമ്പർ കത്ത്

**5. 03.07.2022** ലെ **C3/11515/2022/DCE** നമ്പർ അന്തിമ മുൻഗണന പട്ടിക

**6.**എം.സി ആർ വി ഹോസ്റ്റൽ വാർഡന്റെ **05.04.2025** ലെ **B/7/2025/MCHEKM** നമ്പർ കത്ത്

**7.**ഈ കാര്യാലയത്തിൽ നിന്നുള്ള **10/06/2025** ലെ ഇതേ നമ്പർ കത്ത്

**8.28.07.2025** തീയതിയിലെ ഇതേ നമ്പർ പരിപത്രം

**9.**കോട്ടയം ഡപ്യൂട്ടി ഡയറക്ടറുടെ **05/08/2025** തീയതിയിലെ **A1/180/2025-DDKTM** നമ്പർ കത്ത്

ഉത്തരവ്

കോളേജ് വിദ്യാഭ്യാസ വകുപ്പിൽ എറണാകുളം എം.സി.ആർ.വി ഹോസ്റ്റലിൽ ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.സിമിറാണി.ഡി.ജി ടൈപ്പിസ്റ്റ് സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് സമർപ്പിച്ച അപേക്ഷ സൂചന (6) പ്രകാരം ഈ കാര്യാലയത്തിൽ ലഭ്യമായിരുന്നു.

ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയുടെ പ്രൊമോഷൻ/കാറ്റഗറിമാറ്റം വ്യവസ്ഥകൾ സംബന്ധിച്ച പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർ ജോലിയിൽ പ്രവേശിച്ച് ആറ് മാസത്തിനകം ക്ലാർക്ക് തസ്തികയിലേയ്ക്കോ ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്കോ കാറ്റഗറിമാറ്റത്തിന് സമർപ്പിക്കുന്ന ഓപ്ഷന്റെ അടിസ്ഥാനത്തിൽ അവർ സമർപ്പിച്ചിരിക്കുന്ന ഓപ്ഷൻ ഏതാണോ ടി തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി പ്രൊമോഷന് പരിഗണിക്കേണ്ടതാണ്.

ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്കുള്ള കാറ്റഗറി മാറ്റത്തിനാണ് ശ്രീമതി.സിമിറാണി.ഡി.ജി സൂചന (4) പ്രകാരം ഓപ്ഷൻ സമർപ്പിച്ചിരുന്നതെന്നതിനാൽ ടിയാളെ ടൈപ്പിസ്റ്റിന്റെ സീനിയോറിറ്റി ലിസ്റ്റിലാണ് ഉൾപ്പെടുത്തേണ്ടത്. ടൈപ്പിസ്റ്റുമാരുടെ അന്തിമ മുൻഗണന പട്ടിക സൂചന (5) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. അന്തിമരൂപം നല്കിയ സീനിയോറിറ്റി ലിസ്റ്റിൽ മാറ്റം വരുത്തുന്നതിന് സർക്കാർ അനുമതി ആവശ്യമായതിനാൽ സൂചന(6) പ്രകാരം സർക്കാർ

അനുമതി തേടുകയും അതിൻ പ്രകാരം ശ്രീമതി.സിമിറാണി.ഡി.ജി യുടെ സ്ഥാനം ടിയാളുടെ ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിലെ നിയമന ശിപാർശ തീയതിയായ 24.05.2019 അടിസ്ഥാനമാക്കി സൂചന (5) സീനിയോറിറ്റി ലിസ്റ്റിൽ ക്രമനം.12 ശ്രീമതി.ബുഷറ.റ്റി.സി യ്ക്കും ക്രമനം.13 ശ്രീമതി.രേഷ്മ.ജെ.ആർ നും ഇടയ്ക്ക് 12 (a) ആയി നിശ്ചയിക്കുന്നതിന് അനുമതി നല്കി സൂചന (2) പ്രകാരം സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

മേൽ പ്രകാരം ടിയാൾക്ക് മുൻഗണന ലിസ്റ്റിൽ അർഹമായ സ്ഥാനം നല്കുമ്പോൾ മുൻഗണനയെ ബാധിക്കുന്ന സീനിയോറിറ്റി ലിസ്റ്റിലെ ശേഷിക്കുന്ന ജീവനക്കാർക്ക് എന്തെങ്കിലും തടസ്സവാദങ്ങളുണ്ടെങ്കിൽ അറിയിക്കാൻ സൂചന (8) പ്രകാരം അവസരം നല്കി സർക്കുലർ പുറപ്പെടുവിക്കുകയും അത് പ്രകാരം ഒരു പരാതി ലഭിക്കുകയും പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ടി പരാതിയിൽ കഴമ്പില്ലാത്തതാണെന്ന് ബോധ്യമാണെങ്കിലും ടി പരാതിക്കാരിയ്ക്ക് കൂടുതലെന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ നേരിൽ കേൾക്കാൻ അവസരം നല്കുകയും എന്നാൽ ടിയാൾ ഹാജരായിട്ടില്ലാത്തതുമാകുന്നു.

മേൽ സാഹചര്യത്തിൽ ശ്രീമതി.സിമി റാണി.ഡി.ജി, ക്ലാർക്ക്-ടൈപ്പിസ്റ്റിനെ എൽ.ഡി ടൈപ്പിസ്റ്റുമാരുടെ സൂചന (5) മുൻഗണന ലിസ്റ്റിൽ ക്രമനം.12 ശ്രീമതി.ബുഷറ.റ്റി.സി യ്ക്കും ക്രമനം.13 ശ്രീമതി.രേഷ്മ.ജെ.ആർ നും ഇടയ്ക്ക് 12 (a) ആയി ഉൾപ്പെടുത്തി ഉത്തരവാകുന്നു.

Signed by
S K Binu
Date: 30-08-2025 10:25:27

**Binu S K**
**SENIOR ADMINISTRATIVE OFFICER**
**0471-2303548**

**dir.colledn@kerala.gov.in**

സ്വീകർത്താവ്

1. ശ്രീമതി.സിമിറാണി.ഡി.ജി, ക്ലാർക്ക്-ടൈപ്പിസ്റ്റ്
2. സിസ്റ്റം മാനേജർക്ക് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)